III. സബ്മിഷൻ

(1) തൃശ്ശൂർ ജില്ലയിലെ വിദ്യാർത്ഥികൾക്ക് പ്ലസ് ടൂ കോഴ്സിന് പ്രവേശനം ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ. പി. രാജേന്ദ്രൻ: എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ തൃശ്ശൂർ ജില്ലയിലെ വളരെയേറെ വിദ്യാർത്ഥികൾ പ്ലസ് വൺ-ന് പ്രവേശനം ലഭിക്കാതെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഇത് എല്ലാ ജില്ലകളിലുമുള്ള വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള പ്രശ്നമാണെങ്കിലും തൃശൂർ ജില്ലയിൽ വിശേഷാൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ഞാൻ അങ്ങയുടെ സജീവമായ പരിഗണനയിലേയ്ക്ക് കൊണ്ടുവരികയാണ്. ഏറ്റവും പ്രശസ്തമായ ധാരാളം കോച്ചിംഗ് സെന്ററുകൾ എൻട്രൻസ് പരീക്ഷയ്ക്ക് വേണ്ടി തൃശൂർ ജില്ലയിൽ പ്രവർത്തിക്കുന്നതുകൊണ്ട് കേരളത്തിന്റെ എല്ലാ ജില്ലകളിൽ നിന്നും ഉയർന്ന മാർക്ക് നേടിയ കുട്ടികൾ തൃശൂരിലെ സ്കൂളുകളിൽ പ്രവേശനം നേടാൻ വരുന്നു. സംസ്ഥാനത്തിനുവെളിയിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും മലയാളി കുട്ടികൾ ഉൾപ്പെടെ ഇവിടെ പ്രവേശനം നേടുന്ന സ്ഥിതിയുണ്ട്. 90, 92, 94, ശതമാനത്തിനു മുകളിൽ മാർക്കുള്ള കുട്ടികൾക്കുപോലും അവർ ഇഷ്ടപ്പെടുന്ന ഗ്രൂപ്പുകളിൽ പ്രവേശനം കിട്ടിയിട്ടില്ല. ഈ സാഹചര്യം കണക്കിലെടുത്ത് തൃശൂർ ജില്ലയിലുള്ള എല്ലാ ഗവണ്മെന്റ് ഹൈസ്കൂളുകളിലും പ്ലസ് 2 കോഴ്സുകൾ ആരംഭിക്കുവാനും, ജില്ലയിലെ കെട്ടിട സൗകര്യമുള്ള ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ അഡിഷണൽ ബാച്ചുകൾ അനുവദിക്കാനും ജില്ലയിൽ നിന്ന് പാസ്സാകുന്ന കുട്ടികൾക്ക് അതാതു ജില്ലകളിൽ പഠിക്കാൻ വെയിറ്റേജ് കൊടുക്കുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾ ഗവണ്മെന്റ് ആലോചിക്കണം. അടിയന്തിരമായ പരിഗണന ഈ കാര്യത്തിൽ ഉണ്ടാകണം. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഉൾപ്പെടെ ജില്ലയിലുള്ള 14 എം.എൽ.എ.-മാരും ഒന്നിച്ച് ഡി.ഡി.സി. പ്രമേയം പാസ്സാക്കി ഗവൺമെന്റിന് അയച്ചിട്ടുണ്ട്. ഇതിന് പരിഗണന ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ധാരാളം ഹൈസ്കൂളുകളിൽ പ്ലസ് 2 course പഠിക്കാനുള്ള സൗകര്യം ഇല്ല.

(ഈ വിഷയം സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണനും നോട്ടീസ് നൽകിയിട്ടുണ്ട്.)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): തൃശൂർ ജില്ല ഉൾപ്പെടെ മലബാർ പ്രദേശങ്ങളിൽ പൊതുവെ പ്ലസ് ടൂ-ന് അഡ്മിഷൻ കുറവാണ്. കഴിഞ്ഞ സർക്കാർ ഈ മേഖലയിൽ വേണ്ടത്ര സ്കൂളുകൾ അനുവദിച്ചില്ല എന്ന കാരണമാണ് ഒന്ന്. ഉള്ള സ്കൂളുകൾ നന്നായി കൊണ്ടുപോകാൻ പ്രയാസമുണ്ട് എന്നതാണ് മറ്റൊരു വസ്തുത. ഏതായാലും ഈ വർഷം ഗവണ്മെന്റ് 196 സ്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിച്ചു. തൃശൂർ ജില്ലയിൽ 16 സ്കൂളുകളിൽ അനുവദിച്ചു. ഇവിടെ 1600 സീറ്റുകളുണ്ട്. ഇത് പോര. ഡി.ഡി.സി. പ്രമേയം കണ്ടു. നിങ്ങളുടെ എം.എൽ.എ.-മാരൊക്കെ ഇക്കാര്യം എന്റെ ശ്രദ്ധയിൽപെടുത്തി. ഈ വിഷയം ഗൗരവമായി പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly